തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) സ്വകാര്യ ക്ഷേത്ര ജീവനക്കാർക്ക് മിനിമം വേജസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി, സി) സ്വകാര്യ ക്ഷേത്ര ജീവനക്കാർക്ക് മിനിമം വേജസ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത തൊഴിൽ മേഖലയെ മിനിമം വേജസ് ആക്ടിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം 2-4-2005-ലെ 2189/ഇ1/2005/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആക്ഷേപങ്ങൾക്കും അഭിപ്രായങ്ങൾക്കുമായി ഗസറ്റിൽ പ്രസിദ്ധീകരിച്ച് 19-4-2005-തീയതി മുതൽ 3 മാസം അനുവദിച്ചിട്ടുണ്ട്. അവ പരിശോധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം ടി ജീവനകാർക്ക് മിനിമം വേജസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് മിനിമം വേജസ് നിശ്ചയിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

2. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

1 [2138] ശ്രീ. കെ. നാരായണക്കുറുപ്പ്:
" റോഷി അഗസ്റ്റിൻ:
" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ചിങ്ങവനത്ത് സ്ഥിതി ചെയ്യുന്ന ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് ലിമിറ്റഡ് വർഷങ്ങളായി പൂട്ടിക്കിടക്കുന്നതുമൂലം ജീവനക്കാർ ക്ലേശിക്കുന്നത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥാപനം വീണ്ടും പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഈ സ്ഥാപനം അടിയന്തിരമായി തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,, സി) ടെസിൽ കെമിക്കൽസ് ആൻറ് ഹൈഡ്രോ പവർ ലിമിറ്റഡ് എന്ന സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിലേക്കായി സർക്കാർ നിരന്തരശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി ഏറ്റവും ഒടുവിൽ 10-6-2005-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ധനം, വൈദ്യുതി, ഗ്രാമവികസനം എന്നീ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും കമ്പനി ഉടമയുടേയും യോഗം ചേരുകയുണ്ടായി. സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ ഭാഗത്തുനിന്നും ആവശ്യമായ എല്ലാ സഹായവും നൽകുവാൻ നികുതി, വൈദ്യുതി, റവന്യൂ വകുപ്പുകൾക്ക് പ്രസ്തുതയോഗത്തിൽ നിർദ്ദേശം നൽകുകയുണ്ടായി, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. എത്രയും പെട്ടന്ന് പ്രസ്തുത സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

LIBRARY ARCHIVES Kerala Legislative Assembly